# സാമൂഹിക ആഘാത പഠന കരട്റിപ്പോർട്ട്

## അടിവാരം 110 കെ വി സബ്-സ്റ്റേഷനുവേണ്ടി ഭൂമി ഏറ്റെടുക്കൽ : ഈങ്ങാപ്പുഴ വില്ലജിൽ താമരശ്ശേരി, താലൂക്ക് കോഴിക്കോട് ജില്ല.



**സമർപ്പണം**

**ജില്ലാ കളക്ടർ , കോഴിക്കോട്**

ഏജൻസി: ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജ്,

അങ്ങാടിക്കടവ്, ഇരിട്ടി, കണ്ണൂർ – 670706

**Phone: (0490) 2426014; 7012516402**

dbascoffice@gmail.com

**23 മാർച്ച് 2023**

# സമർപ്പണം

കോഴിക്കോട് ജില്ല ഭരണകൂടത്തിൻെറ നടപടി പ്രകാരവും (File : DCKKD/6214/2022-B1 തിയതി 17/03/2023) സർക്കാർ ഉത്തരവ് G.O.(P)No.937/2023/RD തിരുവനന്തപുരം, തിയതി 15/03/2023 പ്രകാരവും താമരശ്ശേരി താലൂക്കിലെ ഈങ്ങാപ്പുഴ വില്ലേജിൽ അടിവാരം 110 കെ വി സബ്-സ്റ്റേഷനുവേണ്ടി പദ്ധതി നടപ്പിലാക്കുവാൻ ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ ആഘാത പഠനം ഇരിട്ടി, അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജിനെ ഏൽപിച്ചുകൊണ്ട് ഉത്തരവായി. ഡെപ്യൂട്ടികളക്ടർ (എൽ.എ.) കോഴിക്കോട് കളക്ട്രേറ്റ്, ഭൂമി ഏറ്റെടുക്കൽ പ്രത്യേക ഓഫിസർ (സ്പെഷ്യൽ തഹസിൽദാർ (എൽ. എ.) കൊയിലാണ്ടി, എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ. എസ്.ഇ.ബി കണിയാമ്പറ്റ എന്നീ ഓഫീസുകളിൽനിന്നും ലഭിച്ച അലൈൻറ്മെൻറ് രൂപരേഖയും കൂടതെ, പുതുപ്പാടി പഞ്ചായത്ത് ഓഫീസിൽനിന്നും വാർഡ് മെമ്പർ മറ്റ് അധികാരികളും നൽകിയ വിവരങ്ങൾ അനുസരിച്ച് പദ്ധതിബാധിത കുടുംബങ്ങളിൽനിന്നും തത്പരകക്ഷികളിൽനിന്നും വിവരങ്ങളും ശേഖരിച്ചാണ് സാമൂഹ്യ ആഘാത പഠനസംഘം ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. പഠന റിപ്പോർട്ടിൻെറ കരട് കോപ്പി 23 മാർച്ച് 2023ന് പ്രസിദ്ധീകരിക്കുകയും പത്രങ്ങളിലൂടെ ( ഫോറം–5) പ്രസ്തുത വിവരം അറിയിക്കുകയും ചെയ്തു. വസ്തുവകകളെ സംബന്ധിച്ചും, ഉടമസ്ഥതയെ സംബന്ധിച്ചുമുള്ള ഇതിൻെറ ആധാരരേഖകൾ ബന്ധപ്പെട്ട അധികാരികൾ പരിശോധിക്കേണ്ടതാണ്.

ഡയറക്ടർ

സാമൂഹ്യ ആഘാത പഠന സംഘം

ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജ്, ഇരിട്ടി, കണ്ണൂർ

# അദ്ധ്യായം 1
# പദ്ധതി സംഗ്രഹം


### 1.1 പദ്ധതിയും പൊതു താത്പര്യവും

കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്കിലെ ഈങ്ങാപ്പുഴ വില്ലജിൽനിന്ന് 110 കെ വി സബ്-സ്റ്റേഷനുവേണ്ടി പദ്ധതി നടപ്പിലാക്കുവാൻ ഭൂമി ഏറ്റെടുക്കുന്നത് ഒരു പൊതു ആവശ്യമാണ്. ഈ പദ്ധതിയുടെ പ്രധാനലക്ഷ്യംപ്രദേശത്ത് ശരിയായ വൈദ്യുതി വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നത് പ്രദേശത്ത് സാമ്പത്തിക പുരോഗതിക്ക് അനിവാര്യമാണ്. അതിനാൽ എല്ലാപ്രകാരത്തിലും ഇത് ഒരു പൊതു താൽപര്യ പദ്ധതിയാണ്.


കോഴിക്കോട് ജില്ലയിൽ ഈങ്ങാപുഴ വില്ലേജിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി പുതുപ്പാടി പഞ്ചായത്തിൽ 10 ാംവാർഡിൽ 213.50 സെൻറ് ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. പദ്ധതി ചിലവിലേക്കയി 298.90 ലക്ഷം രൂപ അതിനായി നീക്കിവച്ചിട്ടുണ്ട്.

### 1.2 പദ്ധതി പ്രദേശം

കോഴിക്കോട് ജില്ലയിൽ ഈങ്ങാപുഴ വില്ലേജിൽ പുതുപ്പാടി പഞ്ചായത്തിൽ 10 ാംവാർഡിൽപ്പെടുന്ന പ്രദേശമാണിത്.




Location




Proposed site land sketch

### 1.3 പദ്ധതിപ്രദേശത്തിൻെറ വലിപ്പവും സ്വഭാവവും

മൊത്തം ആവശ്യമുള്ളത് ഏകദേശം 213.5 സെൻറ്. സാമൂഹ്യ ആഘാത പഠനം നടത്തുന്ന ഏറ്റെടുക്കുവാനുള്ള ഭൂമി, കാർഷിക സമ്പത്ത് ബാധിതമാണ്.

### 1.4 സാദ്ധ്യതയുള്ള ഇതര പ്രദേശങ്ങൾക്കായുള്ള അന്വേഷണം

പഠനസംഘം പദ്ധതി വികസനത്തിനായി മറ്റ് പ്ലാനുകളും രൂപകൽപ്പനകളും അന്വേഷിച്ചു. ഇതര സാദ്ധ്യതകളെക്കുറിച്ച് ബാധിതരായ പ്രദേശവാസികളോടും മുഖ്യവിവര ദാതാക്കളോടും തിരക്കി. വർഷങ്ങൾക്കുമുമ്പ് കെ എസ് ഇ ബി പദ്ധതിയിട്ട പ്രദേശമാണിത്. കൃഷിഭൂമി മാത്രമാണു ബാധിതമകുന്നത്. താമരശ്ശേരി-കുതുമുണ്ട ട്രാൻസ്മിഷൻ ലൈനിൽനിന്നും സപ്ലൈ എടുത്ത് 110 കെ വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനാണ്. പദ്ധതി. അതിനാൽ ബദൽ ഭൂമി എന്നത് അപ്രസക്തമാണ്.

### 1.5 സാമൂഹ്യ ആഘാതം

ഏകദേശം 213.5 സെൻറ്. സ്ഥലമാണ് 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി 3 സർവേ നമ്പറുകളിലായി ഏറ്റെടുക്കുവാനുള്ള ഭൂമി. 3 കുടുംബങ്ങളുടെയും അവരുടെ ആശ്രിതരുടെയും ഉൾപ്പെടെയുള്ള നഷ്ടമാണ് ഏറ്റെടുക്കലിൻെറ ഏറ്റവും മുഖ്യമായ ആഘാതം. ഇവിടെയുള്ള ഭൂമി ഏറ്റെടുക്കൽ 3 കുടുംബങ്ങളിൽ നിന്നായി 11 പുരുഷന്മാരും 7 സ്ത്രീകളുമുൾപ്പടെ 18 വ്യക്തികളെ ബാധിക്കുമെന്നാണ് കണക്കാക്കുന്നത്. മതിയായ പ്രതിഫലം നൽകുന്നതിലൂടെ ഏറ്റെടുക്കൽ നഷ്ടം പരമാവധി ഇല്ലാതാക്കാൻ സാധിക്കും.

### 1.6 ആഘാത ലഘൂകരണ മാർഗ്ഗങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013 അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ ആഘാതം ലഘൂകരിക്കുവാൻ സാധിക്കുമെന്നാണ് പഠനത്തിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്.

**പട്ടിക 1.2 സാമൂഹ്യ ആഘാതവും ലഘൂകരണ നടപടികളും**

| *ക്രമ സംഖ്യ* | സർവ്വേ നമ്പർ | സ്ഥിതി: പ്രത്യക്ഷം / പരോക്ഷം | ലഘൂകരണ നിർദ്ദേശങ്ങൾ |
|---|---|---|---|
| 1 | ഭൂമി നഷ്ടപ്പെടുന്നത് | 3 | ഭൂമി ഏറ്റെടുക്കൽ 2013 നിയമ പ്രകാരം നഷ്ടപരിഹാരം |
| 2 | വീടുകൾ നഷ്ടം | 00 | |
| 4 | ജല ഉറവിടം | 1 കുളം, പൂർണ്ണം | ഭൂമി ഏറ്റെടുക്കൽ 2013 നിയമ പ്രകാരം നഷ്ടപരിഹാരം |
| 5 | ഉപജീവനമാർഗ്ഗ നഷ്ടം | 3 – കാർഷിക വരുമാനം | ഭൂമി ഏറ്റെടുക്കൽ 2013 നിയമ പ്രകാരം നഷ്ടപരിഹാരം |
| 6 | പൊതുസേവന/ആസ്തി വിഭവങ്ങളും | 00 | |
| 7 | ആരാധനാലയ സ്ഥലം / ആസ്തി | 00 | |

1.7 സാമൂഹ്യ ആഘാത ദുരീകരണ പദ്ധതി

സാമൂഹ്യ ആഘാത പഠനത്തിൽ നടത്തിയ അവലോകനങ്ങളുടെയും അന്വേഷണങ്ങളുടെയും ചർച്ചകളുടെയും വെളിച്ചത്തിൽ ബാധിതരിൽ ഭൂരിഭാഗം പേരും നഷ്ടപരിഹാരത്തിലൂടെ ആഘാതം കുറക്കാനാവും എന്നാണു അഭിപ്രായപ്പെട്ടത്. ഭൂമി ഏറ്റെടുക്കൽ മുഖേന ഉണ്ടാകാവുന്ന സാമൂഹ്യ ആഘാത ലഘൂകരണ പ്ലാൻ വികസിപ്പിച്ചെടുത്തിരിക്കുന്നു. അതിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**സാമ്പത്തിക വശങ്ങൾ**

ഭൂമിയോ വിഭവങ്ങളോ/ഉപജീവന മാർഗ്ഗങ്ങളോ നഷ്ടപ്പെടുന്ന 3 കുടുംബങ്ങൾക്കും നിയമം അനുശാസിക്കുന്ന നഷ്ടപരിഹാരം ലഭ്യമാക്കണം.

**പാരിസ്ഥിതികം**

പദ്ധതി നടപ്പാക്കുന്നവർ പദ്ധതി പ്രദേശത്തുള്ള വൃക്ഷലതാദികൾ പരമാവധി സംരക്ഷിച്ച് പരിസ്ഥിതിക്ക് അനുകൂലമായ നിർമ്മാണം ഉറപ്പുവരുത്തണം. ആവശ്യമായ ചാലുകൾ (ഡ്രൈനേജുകൾ) നിർമ്മിച്ച് നീരൊഴുക്ക് ക്രമീകരിക്കണം.

**പട്ടിക 1.3 - ഗുണകരമായ ഫലങ്ങൾ**

| അനന്തര ഫലങ്ങൾ | പ്രത്യക്ഷം/പരോക്ഷം | താത്കാലികം / ശാശ്വതം | പ്രധാനം / അപ്രധാനം |
|---|---|---|---|
| പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടും, ആവശ്യനുസരണം വൈധ്യുതി ലഭ്യത പ്രദേശത്ത് ഉതപാദന സംരംഭങ്ങളും സാമ്പത്തിക പുരോഗതിയും ഉറപ്പുവരുത്തും നിലവിലുല്ല വിതരണ സംവിധനത്തിന്റെ ഭാരം കുരയും | പ്രത്യക്ഷം | ശാശ്വതം | പ്രധാനം |

പദ്ധതി ബാധിതരുമായി നടത്തിയ ചർച്ചകളിൽ നഷ്ടപരിഹാരവും ഭൂമി ഏറ്റെടുത്ത് നിർമ്മാണം പൂർത്തിയാക്കി പൊതുജനത്തിന്റെ വൈദ്യുതി ക്ഷാമംഇല്ലാതാക്കണമെന്നതുസംബന്ധിച്ചും ആരുംതന്നെ എതിർപ്പ് പറഞ്ഞില്ല. സബ്സ്റ്റേഷനോട് ചേർന്നുകിടക്കുന്ന 3 വീടുകൾക്ക് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ പദ്ധതി നടപ്പിലായാൽ ഉണ്ടാകുമോ എന്ന് 10ാം വാർഡ് മെമ്പർ ശ്രീമതി ആയിഷക്കുട്ടി ആശങ്ക രേഖപ്പെടുത്തി. പ്രദേശത്തിന്റെയും ജില്ലയുടെയും പുരോഗതിയ്ക്ക് ഈ പദ്ധതി ആവശ്യമായതിനാൽ സാമൂഹ്യ വശങ്ങളും പാരിസ്ഥിതിക വശങ്ങളും കോർത്തിണക്കി ആഘാത ലഘൂകരണ നിർദ്ദേശങ്ങളും പാലിച്ച് പദ്ധതി ആവിഷ്കരിക്കണമെന്ന് പഠന സംഘം അഭിപ്രായപ്പെടുന്നു. മുൻകരുതൽ നടപടികളിലൂടെ പദ്ധതിയുടെ ചിലവും ദോഷഫലങ്ങളും കുറയ്ക്കുകയും ചെയ്യണം.

**1.8 പുനരധിവാസ / പുനഃസ്ഥാപനത്തിനുള്ള മാർഗ്ഗങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013 അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ ആഘാതം ലഘൂകരിക്കുവാൻ സാധിക്കുന്നതാണ്. ആശങ്കകളകറ്റി നഷ്ടപരിഹാരം എത്രയും വേഗം നൽകണമെന്ന് പഠന സംഘം നിർദ്ദേശിക്കുന്നു. ഭൂമിയിലും ഉൽപ്പാദന മുതലുകളിലും ബാധിതരുടെ നഷ്ടങ്ങൾ നിയമം അനുശാസിക്കുന്ന പരിഹാരത്തിലൂടെ കൈകാര്യം ചെയ്യുവാൻ സാധിക്കും.

**1.9 പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ / അഭിപ്രായങ്ങൾ**

ആഘാതം ലഘൂകരിക്കുവാൻ പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ /അഭിപ്രായങ്ങൾ താഴെപ്പറയുന്നവയാണ്:

**ബാധിതരുടെ അഭിപ്രായങ്ങൾ**

- മാർക്കറ്റ് വിലയ്ക്കനുസരിച്ചുള്ള മൂല്യനിർണ്ണയം നടത്തണം.
- സബ്സ്റ്റേഷനോട് ചേർന്നുകിടക്കുന്ന 3 വീടുകൾക്ക് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ പദ്ധതി നടപ്പിലായാൽ ഉണ്ടാകുമോ എന്ന് 10ാം വാർഡ് മെമ്പർ ശ്രീമതി ആയിഷക്കുട്ടി ആശങ്ക രേഖപ്പെടുത്തി.
- കാലതമസമില്ലാതെ നഷ്ടപരിഹാരം വേഗത്തിലാക്കണം.

**1.10 സാമൂഹ്യ ആഘാത പഠന (SIA) സംഘം**

Table No. 3.1 SIA Team Members

| Sl. No. | Name | Qualification & Designation | Experience |
|---|---|---|---|
| 1 | Fr. Sojan Pananchikal | Director | HOD &Vice principal, with 10 years experience in administrative, academic and developmental sector |
| 2 | Sebastian KV | MSW, M. PHIL<br>Team Leader, SIA Unit | 27 years experience<br>in Development Sector, Research etc. |
| 3 | Lyssy Cyriac | Research Associates | MSW. |
| 4 | Nimil Thomas | Research Associates | MSW. |

കണ്ണൂർ, അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിലെ സോഷ്യൽവർക്ക് വിഭാഗം മേധാവി നേതൃത്വം നൽകിയ 4 അംഗ സംഘമാണ് ഈങ്ങാപ്പുഴ വില്ലേജിൽ കെ.എസ്.ഇ ബി 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ട പദ്ധതി നടപ്പിലാക്കുവാൻ ഭൂമി ഏറ്റെടുക്കൽ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് പഠനം നടത്തിയത്. സംഘത്തിൻെറ ഡയറക്ടർക്ക് സാമൂഹ്യശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദങ്ങളും അക്കാദമിക രംഗത്തും വികസന പ്രവർത്തനങ്ങൾ പദ്ധതി ആസൂത്രണം, നടത്തി

പ്പ് എന്നീ രംഗങ്ങളിലും വർഷങ്ങളായുള്ള അനുഭവ സമ്പത്തുണ്ട്. പഠനത്തിന്റെ കോ-ഓർഡിനേറ്റർക്ക് സോഷ്യൽ വർക്കിൽ (MSW, M.Phil) ബിരുദാനന്തര ബിരുദങ്ങളും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും ദീർഘകാലത്തെ അനുഭവവുമുണ്ട്. സാമൂഹ്യപ്രവർത്തനത്തിൽ ബിരുദാനന്തര യോഗ്യത ഉള്ളവരും സാമൂഹ്യ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷണ ത്വരയുള്ളവരുമാണ് സംഘത്തിലെ മറ്റ് അംഗങ്ങൾ. സാമൂഹ്യ സംഭവവികാസങ്ങൾ അന്വേഷിക്കുന്നതിലും വിവരങ്ങൾ ശേഖരിക്കുന്നതിലും പ്രാവീണ്യം സിദ്ധിച്ചവരാണിവർ.

**ബാധിതമാകുന്ന വസ്തുക്കളുടെ വിവരങ്ങൾ**

| ഈങ്ങാപുഴ വില്ലേജ്: **പദ്ധതിയ്ക്ക് ആവശ്യമായ ഭൂമികൾ** | | | | | |
|---|---|---|---|---|---|
| സർവ്വേ നം. | Extent | | ഫോൺ | വസ്തുക്കളുടെ വിവരങ്ങൾ | ബാധിത പ്രദേശം |
| 51/1A1 | 1.48 cent | George Maria Kalappura | 9746628853 9745435820 | റബ്ബർ -6 | 1.48 cent |
| 51/11 | 4.2 cent | Thomas Kokkapilliyil | 9656617130 | കമുക്-8, കുരുമുളക്-15 മറ്റ് മരങ്ങൾ 1 | 4.02 cent |
| 51/1 | 208 cent | Raju Scaria Varikkamakkal | 9446564229 | കുളം-1 തെങ്ങ്- 70, കമുക്-30, ജാതി-3, മറ്റ് മരങ്ങൾ 12, ആഞ്ഞിലി-1, | 208 cent |

പട്ടിക: പദ്ധതിയ്ക്ക് ആവശ്യമായ ഭൂമികളുടെ വിവരം. ആകെ ഏറ്റെടുക്കുന്ന ഭൂമി 213.50 Cent ഹെക്ടറാണ്. ഭൂമി മുഴുവനും കരഭൂമിയാണ്.

**ആഘാത പഠനത്തിന്റെയും പ്രദേശത്തിന്റെയും നിശ്ചല ചിത്രങ്ങൾ**



**Puthupaddi Panchayath President**





**Deputy Collector (LA)**

**Deputy Tahasildaar (LA**



**Proposed land**

********************